LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

92 (5166) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2014-15-ൽ എത്ര തുക വകയിരുത്തുകയുണ്ടായി ; എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ബി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കിയെന്നും ഏതെല്ലാം പ്രോജക്ടുകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനായി 50 കോടി രൂപയും ലാബ് കമ്പ്യൂട്ടർ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 11 കോടി രൂപയും വകയിരുത്തുകയുണ്ടായി. ഇതിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 597.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ വിവിധ സ്കൂളുകൾക്ക് വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ

93 (5167) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രവർത്തനങ്ങൾ ഐ.റ്റി. അധിഷ്ഠിതമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.